(ഇ) ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ;

(എഫ്) ഇത്തരം സംഘങ്ങളെ ലാഭകരമാക്കിത്തീർക്കാൻ എന്തു നടപടിയാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ജി) നഷ്ടം മൂലം എത്ര ജീവനക്കാരെ പിരിച്ചു വിട്ടിട്ടുണ്ട്;

(എച്ച്) പിരിച്ചുവിട്ട ജീവനക്കാർക്ക് മറ്റു സഹകരണ സംഘങ്ങളിൽ ജോലി നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി) പന്ത്രണ്ട്. പുതിയതായി രജിസ്റ്റർ ചെയ്ത വയനാട് ജില്ലാ മൊത്ത വ്യാപാര സഹകരണ ഉപഭോക്തൃ സ്റ്റോർ ഒഴികെ മറ്റെല്ലാ സംഘങ്ങളും നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്.

(സി) ഒന്ന്.

(ഡി) ഇല്ല.

(ഇ) ഉദിക്കുന്നില്ല.

(എഫ്) ഇത്തരം സ്ഥാപനങ്ങളുടെ പ്രവർത്തനം, സാമ്പത്തിക സ്ഥിതി എന്നീ കാര്യങ്ങളെക്കുറിച്ച് പഠിച്ച് പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനുവേണ്ടി നിയമിച്ചിട്ടുള്ള വർക്കിംഗ് ഗ്രൂപ്പിന്റെ റിപ്പോർട്ടു ലഭിച്ചതിനുശേഷം മാത്രമേ അതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

(ജി) ആരേയും പിരിച്ചു വിട്ടിട്ടില്ല.

(എച്ച്) ഉദിക്കുന്നില്ല.

ലിക്വിഡേറ്റു ചെയ്ത സഹകരണ സംഘങ്ങൾ

1215 [2184] ശ്രീ. കെ. വി. സുരേന്ദ്രനാഥ്:
,, പി. കുമാരൻ:
,, കെ. ടി. കുമാരൻ:
,, കെ. പി. പ്രഭാകരൻ:
,, കെ. ഇ. ഇസ്മയിൽ:

താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1982 മുതൽ 1986 മാർച്ച് വരെ ലിക്വിഡേറ്റു ചെയ്ത സഹകരണ സംഘങ്ങൾ എത്ര;

(ബി) സൂപ്പർസീഡു ചെയ്ത് അസ്സിസ്റ്റന്റ് രജിസ്ട്രാറേയോ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റികളെയോ ഭരണം ഏൽപ്പിച്ചവ എത്ര;

(സി) പുനഃസംഘടിപ്പിച്ചവ എത്ര?

ഉത്തരം

(എ) 147 സംഘങ്ങൾ.

(ബി) 13 എണ്ണം.

(സി) 5 സംഘങ്ങളിൽ ഭരണസമിതികളിലേയ്ക്ക് തിരഞ്ഞെടുപ്പ് നടത്തി ഭരണം കമ്മിറ്റിയെ ഏൽപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly